ശ്രീ. സി.എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സപോട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രമേഹരോഗ നിവാരണത്തിനായി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന് പരിപാടിയുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഇൻസ്റ്റിറ്റ്യൂട്ട് എവിടെ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ള തെന്നും ഇത് എന്നത്തേക്ക് ആരംഭിക്കുമെന്നും വ്യക്തമാക്കുമോ;

(ഡി) സിദ്ധ യുനാനി വൈദ്യശാസ്ത്ര പഠനത്തിനായി പ്രത്യേകം കോളേജുകൾ ആരംഭിക്കാനുള്ള പരിപാടിയുടെ പുരോഗതി എന്താണെന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി) അമേരിക്കയിലെ മേയോ ക്ളിനിക് എന്ന സ്ഥാപനത്തിന്റെ സഹകരണത്തോടെ ഒരു പ്രമേഹരോഗ ഗവേഷണ വിദ്യാഭ്യാസ പരിശീലന കേന്ദ്രം കേരളത്തിൽ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ അംഗീകരിക്കുകയും തുടർന്ന് മേയോ ക്ളിനിക്കും കേരള സർക്കാരും ഒരു പ്രാഥമിക ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തു. ഈ കേന്ദ്രത്തിന്റെ പ്രവർത്തനത്തിനായി ഒരു മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ അംഗീകരിക്കുകയും തിരുവിതാംകൂർ-കൊച്ചി സാഹിത്യശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് അനുസരിച്ച് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ് എന്ന പേരിൽ ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരത്ത് സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഡി) സംസ്ഥാനത്ത് സിദ്ധ-യുനാനി ശാസ്ത്രപഠനത്തിനായി പ്രത്യേകം കോളേജുകൾ ആരംഭിക്കുന്നതിനുള്ള കാര്യങ്ങൾ പരിശോധിച്ച് ശുപാർശ സമർപ്പിക്കുന്നതിനായി 13.12.99-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 478/99/ആ.കു.വ. പ്രകാരം കണ്ണൂർ ആയുർവേദ കോളേജ് പ്രിൻസിപ്പൽ ഡോ. പി.കെ. മോഹൻലാലിനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാരിന് ലഭ്യമായിട്ടില്ല.

## എയ്ഡ്സ് പ്രതിരോധ നടപടികൾ

132 (874)ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എയ്ഡ്സ് പ്രതിരോധത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇതുവരെ എത്ര എച്ച്.ഐ.വി. ബാധിതരുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എയ്ഡ്സ് രോഗംമൂലം ഇതുവരെ എത്രപേർ മരിക്കാനിടയായിട്ടുണ്ടെന്നും ഈ മരണനിരക്ക് ഓരോ വർഷവും വർദ്ധിച്ചിട്ടുണ്ടോ എന്നും പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതീവ ഗുരുതരമായ ഈ രോഗം തടയുവാൻ ഫലപ്രദമായ ബോധവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ദേശീയ എയ്ഡ്സ് നിയന്ത്രണ പരിപാടിയുടെ മാർഗ്ഗനിർദ്ദേശം അനുസരിച്ച് സംസ്ഥാനത്ത് എയ്ഡ്സ് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നതിൽ ബോധവല്ക്കരണത്തിന് പ്രാമുഖ്യം നല്കിവരുന്നു. രോഗസംക്രമണബാദ്ധ്യത കൂടുതലുള്ള വിഭാഗങ്ങളെ കണ്ടെത്തി, രോഗബാധ്യത കുറയ്ക്കുന്നതിനുള്ള സന്ദേശങ്ങൾ, കൗൺസിലിംഗ്, ബോധവൽക്കരണം എന്നീ ഊർജ്ജിത നിയന്ത്രണ പരിപാടികൾ നടപ്പിലാക്കിവരുന്നു. നാടൻ കലാരൂപങ്ങളും വാർത്താമാധ്യമങ്ങളും റേഡിയോ, ടിവി, മീഡിയകളും ഉപയോഗിച്ച് മാസ്മീഡിയ ക്യാമ്പയിൻ നടത്തിയിട്ടുണ്ട്. കേരളത്തിലുടനീളം ഹൈസ്കൂൾ അദ്ധ്യാപകർക്ക് പരിശീലനം നല്കുക, ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും മറ്റു യുവതലമുറയിൽപ്പെട്ടവർക്കുമായി കുടുംബജീവിത വിദ്യാഭ്യാസ പരിപാടിക്ക് രൂപംകൊടുത്ത് ബോധവൽക്കരണ ക്ളാസ്സുകൾ നടപ്പാക്കിവരുന്നു. കോളേജ് വിദ്യാർത്ഥികൾക്ക് നാഷണൽ സർവീസ് സ്കീമുമായും മറ്റുള്ള യുവതീയുവാക്കൾക്ക് നെഹ്റു യുവകേന്ദ്രയുമായും പ്രവർത്തിച്ച് ബോധവൽക്കരണം നടത്തുന്നുണ്ട്. ബ്ളഡ് ബാങ്കുകളുടെ പ്രവർത്തനത്തിനായി ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം ഒരു സ്റ്റേറ്റ് ബ്ളഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. ലൈസൻസില്ലാത്ത ബ്ളഡ്ബാങ്കുകൾ നിർത്തലാക്കി. സുരക്ഷിതമായ രക്തം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള സജ്ജീകരണങ്ങൾ ചെയ്തുവരുന്നു. എല്ലാവർഷവും ലൈംഗികരോഗത്തെക്കുറിച്ചും എയ്ഡ്സിനെക്കുറിച്ചും നിർദ്ദിഷ്ട സെന്ററുകളിൽ സെല്ലുകളിൽ നിർദ്ദിഷ്ട സമയത്ത് നിരീക്ഷണം നടത്തിവരുന്നു.

എല്ലാ ആരോഗ്യ രക്ഷാദാതാക്കൾക്കും എയ്ഡ്സ് നിയന്ത്രണവുമായി ബന്ധപ്പെട്ട ചികിത്സ നൽകിവരുന്നു.

ലൈംഗിക രോഗമുള്ളവർക്ക് സൗജന്യമായി ചികിത്സയും ഉറ വിതരണവും കൗൺസിലിംഗ് സംവിധാനവുമുള്ള 20 ലൈംഗികരോഗ ക്ളിനിക്കുകൾ കേരളത്തിൽ സ്ഥാപിച്ചുകഴിഞ്ഞു. അണുബാധിതരെ തിരിച്ചറിയുന്നതിനുള്ള എച്ച്.ഐ.വി. എലീസാ ടെസ്റ്റ് എല്ലാ മെഡിക്കൽ കോളേജുകളിലും അംഗീകൃത ബ്ളഡ് ബാങ്കുകളിലും ലഭ്യമാണ്. കൂടാതെ സ്വമേധയാ എച്ച്. ഐ.വി. ടെസ്റ്റുകൾ ചെയ്യുന്നതിനുള്ള സംവിധാനം ഇപ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ലഭ്യമാണ്. അണുബാധിതർക്കുണ്ടാകുന്ന പ്രതിരോധ ശേഷിക്കുറവുകൊണ്ടുള്ള അസുഖങ്ങൾക്കുള്ള ചികിത്സ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ലഭ്യമാണ്.

കൂടാതെ സർക്കാരിന്റെ വിവിധ വകുപ്പുകളും സന്നദ്ധ സംഘടനകളും സഹകരിച്ച് എയ്ഡ്സ് നിയമന്ത്രണ പരിപാടികൾ നടത്തിവരുന്നു.

(ബി) കേരളത്തിൽ ഏകദേശം 966 എച്ച്.ഐ.വി. ബാധിതർ ഉണ്ടെന്നാണ് കണ്ടുപിടിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ സെന്റിനൽ സർവയലൻസ് പ്രകാരം 70,000 മുതൽ 1,00,000 വരെയുണ്ടെന്നാണ് നിഗമനം.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്ത് മരണം റിപ്പോർട്ട് ചെയ്യുന്നവരിൽ എല്ലാം എച്ച്.ഐ.വി. പരിശോധന നടത്തുന്ന രീതി നിലവിലില്ലാത്തതിനാൽ എയ്ഡ്സ് മൂലം മരിക്കാനിടയായവരുടെ കൃത്യമായ കണക്ക് അറിയാൻ നിലവിൽ സംവിധാനമില്ല.

ലഭ്യമായ കണക്കുകൾ അനുസരിച്ച് സംസ്ഥാനത്ത് 202 എയ്ഡ്സ് രോഗികൾ ചികിത്സയിലാണ്. രോഗ നിർണ്ണയത്തിനുശേഷം 1-2 വർഷങ്ങൾക്കുള്ളിൽ ഇവർക്ക് മരണം സംഭവിക്കാറുണ്ട്.

(ഡി) കേരളത്തിൽ ഈ രോഗം പിടിപെടുന്നത് 90% ത്തിലേറെയും സുരക്ഷിതമല്ലാത്ത ലൈംഗികബന്ധത്തിലൂടെയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിനാൽ സുരക്ഷിതമായ ലൈംഗികബന്ധത്തെക്കുറിച്ചുള്ള വ്യാപകമായ ബോധവൽക്കരണം വിവിധ സന്നദ്ധസംഘടനകൾ വഴി നടപ്പാക്കുന്നുണ്ട്. കൂടാതെ ഗുണനിലവാരമുള്ള ഉറയുടെ ലഭ്യത എല്ലാ സ്ഥലങ്ങളിലും ഉറപ്പാക്കിവരുന്നുണ്ട്.

## ഔഷധ വ്യവസായ പാർക്ക്

**133(875)**ശ്രീ. കെ.എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഔഷധ വ്യവസായപാർക്ക് ആരംഭിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പ്രസ്തുത പാർക്ക് എവിടെയാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്നും ഇത് എന്നത്തേയ്ക്ക് നിലവിൽ വരുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി)&(സി) ബാധകമല്ല.

## മെഡിക്കൽ രംഗത്തും യു.ജി.സി. പദ്ധതി നടപ്പിലാക്കുവാൻ നടപടി

**134(876)**ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ കോളേജ്, ആയുർവേദ കോളേജ്, ഹോമിയോ കോളേജ്, ഡന്റൽ കോളേജ്, ഫാർമസി കോളേജ്, നഴ്സിംഗ് കോളേജ് എന്നിവിടങ്ങളിൽ യു.ജി.സി. പദ്ധതി നടപ്പിലാക്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly